## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : ഡോ. അമിത് മല്ലിക്, ഐ.എഫ്.എസ്.**

വിഷയം:- വനംവകുപ്പ് - ജീവനക്കാര്യം - ബഹു. സുപ്രീം കോടതിയുടെ 27.10.2017-ലെ SLP(c) No. 738/17 നമ്പർ ഇടക്കാല ഉത്തരവ് പാലിക്കുന്ന നടപടി - സംബന്ധിച്ച്.

സൂചന:-

1. ബഹു. കേരള ഹൈക്കോടതിയുടെ OP (KAT) നമ്പർ 364/15, തീയതി 12.07.2016 നമ്പർ വിധിന്യായം.
2. അഡീഷണൽ പ്രിൻസിപ്പിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 02.02.2017 ഡി1-52352/13 നമ്പർ ഉത്തരവ്.
3. ബഹു. സുപ്രീം കോടതിയുടെ 27.10.2017-ലെ ഡി1-14956/17 നമ്പർ ഇടക്കാല ഉത്തരവ്.
4. 15.11.2017-ലെ ഡി1-14956/17 നമ്പർ അനൗദ്യോഗിക കുറിപ്പ്.

### ഉത്തരവ് നമ്പർ ഇ4-4341/10 തീയതി, 18.11.2017

ശ്രീ. പി.പി അനിൽകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് FTR ക്വാട്ടയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകിയ നടപടിക്കെതിരെ ശ്രീ.എൻ.റ്റി ദിനേശ് ശങ്കർ ബഹു. ഹൈക്കോടതി മുമ്പാകെ OP (KAT) നമ്പർ 364/15 നമ്പർ ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതി സൂചന നമ്പർ (1) ഉത്തരവ് പ്രകാരം ശ്രീ.പി.പി.അനിൽകുമാറിന്റെ സ്ഥാനക്കയറ്റം ചട്ടവിരുദ്ധമാണെന്നും ആയതിനാൽ ടിയാനെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിനും ഉത്തരവായിരുന്നു. ടി ഉത്തരവ് വിശദമായി പരിശോധിച്ചതിൽ ടിയാനെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നാണ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് എന്നതിനാൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തന്നെ തരംതാഴ്ത്തിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

ടിയാനെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരം താഴ്ത്തി ബഹു. ഹൈക്കോടതിയുടെ സൂചന നമ്പർ (2) വിധിന്യായം പാലിക്കണമെന്ന ആവശ്യം ബഹു. സുപ്രീം കോടതി മുൻപാകെ അപ്പീൽ ബോധിപ്പിക്കുകയുണ്ടായി. ടി അപ്പീലിന്മേൽ ശ്രീ. പി.പി അനിൽകുമാറിനെ ഏത് തസ്തികയിലാണോ തരംതാഴ്ത്തി

നിയമിക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചത് ആ തസ്തികയിലേക്ക് തന്നെ നിയമനം നൽകുവാൻ ബഹു. സുപ്രീം കോടതി സൂചന (3) പ്രകാരം ഉത്തരവ് നൽകുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ ഡോ. അമിത് മല്ലിക് എന്ന ഞാൻ ശ്രീ.പി.പി.അനിൽകുമാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ തരംതാഴ്ത്തി മലയാറ്റൂർ ഡിവിഷനിൽ തുണ്ടത്തിൽ റെയിഞ്ചിലെ ഇടമലയാർ ഫ്ളൈയിംഗ് സ്ക്വാഡിൽ നിലവിലുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവ് പ്രകാരം ബഹു. സുപ്രീം കോടതിയുടെ 27.10.2017-ലെ SLP(c) No. 738/17 നമ്പർ ഇടക്കാല ഉത്തരവ് നടപ്പാക്കിയിരിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

ശ്രീ.പി.പി.അനിൽകുമാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.

പകർപ്പ്: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ
ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ, തുണ്ടത്തിൽ
ഡി-സെക്ഷൻ/സ്റ്റോക്ക് ഫയൽ.